# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 7666

23.07.2012 ൽ മറുപടിയ്ക്ക്

**വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പ്രൊമോഷനും നിയമനങ്ങളും നേടുന്നത് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ഉമ്മൻ ചാണ്ടി (ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ വകുപ്പുകളിൽ വകുപ്പുതല ഉദ്യോഗക്കയറ്റം, ബൈട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് അംഗീകാരമില്ലാത്തതും വ്യാജവുമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പ്രൊമോഷനും നിയമനങ്ങളും നേടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ഇത്തരം ആവശ്യങ്ങൾക്ക് സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾക്കൊപ്പം അവയുടെ അംഗീകാരത്തിനുള്ള രേഖകൾ കൂടി ഹാജരാക്കുവാൻ ആവശ്യപ്പെടുമോ; | (ബി) ഉദ്യോഗാർത്ഥികൾ ഉദ്യോഗക്കയറ്റം, ബൈട്രാൻസ്ഫർ എന്നിവയ്ക്കായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കൃത്യതയും അംഗീകാരവും ബന്ധപ്പെട്ട നിയമനാധികാരികളും പി.എസ്.സി. യും ഉറപ്പു വരുത്താറുണ്ട്. നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകൾ അംഗീകാരമുള്ളവയാണോ എന്ന് ഉറപ്പു വരുത്തേണ്ടത് നിയമനാധികാരിയോ പി.എസ്.സി. യോ ആണ്. |
| (സി) ഓരോ വകുപ്പിലും ഇത്തരത്തിൽ നിയമനങ്ങളും പ്രൊമോഷനും നേടിയിട്ടുള്ളവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; അതിനായി പ്രത്യേക സെൽ രൂപീകരിക്കുമോ; വിശദമാക്കുമോ? | (സി) ഓരോ വകുപ്പിലും ഇത്തരത്തിൽ നിയമനങ്ങളും പ്രൊമോഷനുകളും നേടിയിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നതാണ്. ഇതിനായി പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ